## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T5001 30.06.2014 ൽ മറുപടിയ്ക്ക്**

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. കെ ബാലൻ** | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനം ഏർപ്പെട്ടിട്ടുള്ള അന്തർ സംസ്ഥാന നദീജലകരാറുകളുടെ വിശദാംശങ്ങളും കാലാവധിയും വ്യക്തമാക്കുമോ; | (എ) കേരളത്തിന് തമിഴ്നാടുമായി 3 നദീജല കരാറുകളാണ് നിലവിലുള്ളത്. |

1. 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970-ലെ അനുബന്ധകരാറുകൾ എന്നിവയാണ് പെരിയാറിനെ സംബന്ധിച്ച കരാറുകൾ. പെരിയാർ പാട്ട കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.

2. 29.05.1970-ൽ കേരളവും തമിഴ്നാടും 09.11.1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം - ആളിയാർ പദ്ധതി (പി.എ.പി.) കരാർ. പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

3. 19.08.1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്.

1. ജലവിഭജനത്തെ സംബന്ധിച്ച പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

i. പെരിയാർ നദീതടത്തിലെ

ആനമലയാറിൽ നിന്നും ഓരോ വർഷവും 2.5 ടി.എം.സി. ജലം പറമ്പിക്കുളം - ആളിയാർ പദ്ധതിയിലേയ്ക്ക് തമിഴ്നാട് തിരിച്ചു വിടേണ്ടതാണ്. ഇപ്രകാരമുളള ജലം തിരിച്ചു വിടൽ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. ഇടമലയാർ പദ്ധതി പൂർത്തിയായതിനു ശേഷമേ ഇതിനു അനുവാദമുളളൂ.

ii. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുളള സ്വാഭാവിക നീരൊഴുക്ക് ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തിരിച്ചുവിടേണ്ടതാണ്. കേരള സർക്കാർ പെരിയാർ നദീതടത്തിൽ വിഭാവനം ചെയ്തിട്ടുളള ജലസംഭരണികൾ പ്രവർത്തിച്ചുതുടങ്ങിയ ശേഷം നീരാർ വിയറിൽ നിന്നുളള ജലം മുഴുവൻ തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിടേണ്ടതാണ്.

iii. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർ ഹൗസിൽ നിന്ന് അളന്നു പുറത്തുവിടേണ്ടതാണ്. ബാക്കി വരുന്ന അധിക ജലവും, നീരാർ, ആനമലയാർ എന്നീനദികളിൽ നിന്ന് തിരിച്ചുവിടുന്ന ജലവും (മേൽ പറഞ്ഞിരിക്കുന്ന അളവുകൾ) തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

iv. ലോവർ നീരാർ ഡാമിൻെറയും, പറമ്പിക്കുളം, പെരുവാരിപ്പളളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുളള ജലം ഒരുമിച്ചു കണക്കാക്കി 16.5 ടി.എം.സി. ജലം തമിഴ്നാടിനും അതിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്.

v. കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം കേരള

അതിർത്തിയ്ക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

2. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിൽ ഉൾപ്പെട്ട പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളാവശ്യത്തിനായി 1.30 ടി.എം.സി. (1300 എം.സി.എഫ്.ടി.) അളവിൽ കവിയാത്ത ജലം ശിരുവാണി അണക്കെട്ടിൽ നിന്ന് പ്രതി വർഷം ലഭ്യമാക്കേണ്ടതാണ്. കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 (five) ക്യുസെക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിറുത്തേണ്ടതാണ്.

3. പെരിയാർ പാട്ടക്കരാർ പ്രകാരം, മുല്ലപ്പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തുതന്നെ മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ്നാടിന് പാട്ടത്തിനു നൽകി. മേൽപറഞ്ഞ പ്രദേശത്തേയ്ക്കോ, അതിലൂടെയോ, അതിൽനിന്നോ ഒഴുകുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

(ബി) ഏതെങ്കിലും കരാറുകൾ കാലഹരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ കരാറുകൾ വയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) കരാറുകൾ കാലഹരണപ്പെട്ടിട്ടില്ല. എന്നാൽ പറമ്പിക്കുളം - ആളിയാർ കരാർ 30 വർഷം കഴിഞ്ഞ പശ്ചാത്തലത്തിൽ പുതുക്കിയ കരാർ ഉണ്ടാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ